***നം. ഇ.എക്സ്/എ(3)/2634/2021/സി.ജി.ഇ***

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 19/01/2022.

# സർക്കുലർ

വിഷയം:- പൊ.വി - കെ.ജി.റ്റി. (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷ സെപ്റ്റംബർ 2021 - മാർക്കുകളുടെ റീ കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കെ.ജി.റ്റി. (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷ സെപ്റ്റംബർ 2021 22/07/2021 തിയതിലെ ഇ.എക്സ്.എച്ച്6/18500/2021/സി.ജി.ഇ. നമ്പർ പ്രകാരമുള്ള പരീക്ഷാവിജ്ഞാപനം.

.......

സൂചന പ്രകാരം നടത്തിയ കെ.ജി.റ്റി (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷയുടെ ഫലം 18/01/2022 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിയറി പേപ്പറുകൾക്ക് പരാജയപ്പെട്ട പരീക്ഷാർത്ഥികൾക്ക് ഓരോ പേപ്പറിനും 50/ രൂപ ക്രമത്തിൽ ട്രഷറി ചെലാൻ മുഖേന ഫീസ് ഒടുക്കി (Head of Account 0202-01-102-92-Other Receipts) മാർക്കുകളുടെ റീകൗണ്ടിംഗ് നിശ്ചിത ഫാറത്തിൽ സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര തിരുവനന്തപുരം - 12 എന്ന വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് 'കെ.ജി.റ്റി.ഇ. പരീക്ഷ സെപ്റ്റംബർ 2021 റീകൗണ്ടിംഗ് അപേക്ഷ എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാ പേപ്പറിൽ ഉത്തരങ്ങൾക്ക് നൽകിയ മാർക്കുകൾ കൂട്ടിയതോ, എടുത്തെഴുതിയതിലോ ഉള്ള തെറ്റ്, ഏതെങ്കിലും ഉത്തരത്തിന് മാർക്ക് രേഖപ്പെടുത്താതെ വന്ന കാര്യം എന്നിവ മാത്രമേ റീകൗണ്ടിംഗിൽ പരിശോധിക്കുകയുള്ളൂ. ഉത്തരക്കടലാസ്സുകൾ യാതൊരു കാരണവശാലും പുനർ മൂല്യനിർണ്ണയത്തിന് വിധേയമാക്കുന്നതല്ല. അപേക്ഷകൾ **22/01/2022 മുതൽ 06/02/2022 വൈകുന്നേരം 5 മണി വരെ** പരീക്ഷാഭവനിൽ സ്വീകരിക്കുന്നതാണ്.

പരീക്ഷാ വിജ്ഞാപനത്തിൽ അനുബന്ധം (1) ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമാണ് റീകൗണ്ടിംഗിന് വേണ്ടി അപേക്ഷ അയയ്ക്കേണ്ടത്. ഈ നിർദ്ദിഷ്ട ഫാറത്തിൽ ലഭിക്കാത്തതും, ഫീസ് ഒടുക്കാത്തതും, പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താത്തതും, തെറ്റായ പരീക്ഷാ വിവരങ്ങൾ രേഖപ്പെടുത്തിയതും, നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ

അപേക്ഷകൾ മറ്റൊരു അറിയിപ്പു കൂടാതെ തന്നെ ഈ ആഫീസ് നിരസിക്കുന്നതാണ്. റീകൗണ്ടിംഗിന്റെ ഫലം പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ലാൽ കെ.ഐ**
**സെക്രട്ടറി**

പകർപ്പ്:

1. സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2. സൂപ്രണ്ട്, എച്ച് സെക്ഷൻ
3. ആഫീസ് കോപ്പി

അനുബന്ധം -I

കെ.ജി.ടി പരീക്ഷ
സെപ്റ്റംബർ 2021

ഉത്തരക്കടലാസിന് ലഭിച്ച മാർക്കുകളുടെ റീകൗണ്ടിംങ്ങിനുള്ള അപേക്ഷ

പരീക്ഷാകേന്ദ്രം:

1. വിദ്യാർത്ഥിയുടെ പേര്, ഇനിഷ്യൽ :

2. രജി.നമ്പർ :

3. റീ കൗണ്ടിംഗിന് ഉദ്ദേശിക്കുന്ന വിഷയം (പേരും പേപ്പർ നമ്പരും) :

4. റീ കൗണ്ടിംഗിന് ആവശ്യപ്പെടുന്ന വിഷയത്തിന് ലഭിച്ചിരിക്കുന്ന മാർക്കുകൾ :

ട്രഷറി :

5. അടച്ച ഫീസ് (ഓരോ പേപ്പറിനും 50 രൂപ ഹെഡ് 0202-01-102-92 അദർ റസീപ്റ്റ്സ്) :

6 ചെലാൻ നമ്പർ :

7 വിദ്യാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽ വിലാസം:

സ്ഥലം.....................
തീയതി.....................

വിദ്യാർത്ഥിയുടെ ഒപ്പ്

കുറിപ്പ്: അസ്സൽ ചെലാൻ രസീത് ഈ അപേക്ഷയോടൊപ്പം പിൻ ചെയ്ത് അയയ്ക്കേണ്ടതാണ്.

.................................................................................................